# മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560
***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2025 ഓഗസ്റ്റ് 6**

---

## എംജി സർവകലാശാലയിലെ വിദ്യാർഥിനിക്ക് മേരി ക്യൂറി ഫെലോഷിപ്പ്

*ശാസ്ത്ര ഗവേഷണത്തിനുള്ള യൂറോപ്യൻ യൂണിയന്റെ മേരി ക്യൂറി ഫെലോഷിപ്പിന് മഹാത്മാ ഗാന്ധി സർവകലാശാലയിലെ വിദ്യാർഥിനി ഐറിൻ പോളി തിരഞ്ഞെടുക്കപ്പെട്ടു. 1.68 കോടി രൂപയാണ് ഫെലോഷിപ്പ് തുക.*

*സർവകലാശാലയിലെ ഇന്റർനാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോസയൻസ് ആന്റ് നാനോ ടെക്നോളജിയിൽ എംടെക് പോളിമെർ സയൻസ് ആന്റ് എൻജിനീയറിംഗ് അവസാന വർഷ വിദ്യാർഥിനിയാണ്. നിലവിൽ ജർമനിയിലെ കീൽസ് സർവകലാശാലയിൽ പ്രോജക്ട് ഇന്റേൺഷിപ്പ് ചെയ്യുന്ന ഐറിൻ ഫെലോഷിപ്പിന്റെ ഭാഗമായി പാരിസിലെ ഇഎസ്പിസിഐയുടെ സോഫ്റ്റ് മാറ്റർ സയൻസ് ആന്റ് എൻജിനീയറിംഗ് വകുപ്പിനു കീഴിൽ മൂന്നു വർഷം ഗവേഷണം നടത്തും. തൃശൂർ സ്വദേശിനിയാണ്.*

*(പി.ആർ.ഒ/39/1919/2025)*

## പരീക്ഷാ ഫലം

*ഒൻപതാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് മാസ്റ്റർ ഓഫ് കമ്പ്യൂട്ടർ അപ്ലിക്കേഷൻ (2020 അഡ്മിഷൻ റഗുലർ മാർച്ച് 2025) പരീക്ഷകളുടെ ഫലം പ്രസദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 20 വരെ ഓൺലൈനിൽ അപേക്ഷിക്കാം. വിശദ വിവരങ്ങൾ* studentportal.mgu.ac.in *എന്ന ലിങ്കിൽ.*

...............

*രണ്ടാം സെമസ്റ്റർ മാസ്റ്റർ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ ആന്റ് സ്പോർട്സ് (രണ്ട് വർഷ കോഴ്സ് 2024 അഡ്മിഷൻ റഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെന്റും സപ്ലിമെന്ററിയും, 2021, 2022 അഡ്മിഷനുകൾ സപ്ലിമെന്ററി മാർച്ച് 2025) പരീക്ഷകളുടെ ഫലം പ്രസദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ*

*പരിശോധനയ്ക്കും ഓഗസ്റ്റ് 20 വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

...............

*നാലാം സെമസ്റ്റർ പിജിസിഎസ്എസ് എം.എസ്സി ബയോടെക്നോളജി (2023 അഡ്മിഷൻ റഗുലർ, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് ഏപ്രിൽ 2025) പരീക്ഷകളുടെ ഫലം പ്രസദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 20 വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

*(പി.ആർ.ഒ/39/1920/2025)*

## വൈവ വോസി

*മൂന്നാം സെമസ്റ്റർ എംബിഎ (2023 അഡ്മിഷൻ തോന്നവർക്കുള്ള സ്പെഷ്യൽ റീഅപ്പിയറൻസ് ഏപ്രിൽ 2025) പരീക്ഷയുടെ കോഴ്സ്, സമ്മർ ഇന്റേൺഷിപ് റിപ്പോർട്ട് ഇവാലുവേഷൻ, വൈവ വോസി പരീക്ഷ ഓഗസ്റ്റ് എട്ടിന് പുതുപ്പാടി, മരിയൻ അക്കാദമി ഓഫ് മാനേജ്മെന്റ് സ്റ്റഡീസിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.*

*(പി.ആർ.ഒ/39/1921/2025)*

## പ്രാക്ടിക്കൽ

*രണ്ടാം സെമസ്റ്റർ ബിവോക് അക്കൗണ്ടിംഗ് ആന്റ് ടാക്സേഷൻ (പുതീയ സ്കീം-2024 അഡ്മിഷൻ റഗുലർ, 2023 അഡ്മിഷൻ ഇംപ്രുവ്മെന്റ്, 2018 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ് മെയ് 2025) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ഓഗസ്റ്റ് 11 മുതൽ 13 വരെ മുരിക്കാശ്ശേരി, പാവനാത്മാ കോളേജിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.*

*(പി.ആർ.ഒ/39/1922/2025)*

പബ്ലിക് റിലേഷൻസ് ഓഫീസർ